പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6380 11-07-2012 -ൽ മറുപടിക്ക്.

## ഘട്ടംഘട്ടമായിട്ടുള്ള മദ്യനിരോധനം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. എം. ഹംസ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഘട്ടംഘട്ടമായി മദ്യ നിരോധനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) മദ്യ ലഹരിവിരുദ്ധ ബോധവൽക്കരണത്തിലൂടെ, മദ്യവർജ്ജനത്തിലൂന്നി, ഘട്ടംഘട്ടമായി മദ്യവർജ്ജനം നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. മദ്യപാനശീലം പ്രോത്സാഹിപ്പിക്കുന്നതിനോ, മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്നതിനോ സർക്കാർ അനുകൂലമല്ല. മദ്യവ്യവസായത്തെ ഒരു വരുമാന സ്രോതസ്സായി കാണാതെ മദ്യത്തിന്റെ അമിത വ്യാപനം തടഞ്ഞ്, ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യപാനശീലത്തിൽ നിന്നും മദ്യപരെ മോചിപ്പിച്ച്, ഘട്ടംഘട്ടമായി മദ്യവർജ്ജനം ഏർപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനായി, പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ, ബാർ ഹോട്ടലുകൾ തമ്മിലുള്ള അകലം, പഞ്ചായത്തു പ്രദേശങ്ങളിൽ 3 കി.മീറ്ററും, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ 1 കി.മീറ്ററും ആയിരിക്കണമെന്നും, ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, മദ്യഷാപ്പുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻപ് ഉണ്ടായിരുന്ന അധികാരങ്ങൾ പുന:സ്ഥാപിക്കുന്നതിനും, കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറച്ചും, മദ്യം വില്ക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായം 18 വയസ്സിൽ നിന്നും 21 വയസ്സായി ഉയർത്തി നിശ്ചയിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. അബ്കാരി നിയമത്തിലെ ശിക്ഷാ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട്, വ്യാജമദ്യം തടയുന്നതിനും മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിനും നടപടികളെടുത്തു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ മദ്യവില്പനശാലകളിലൂടെ മായമില്ലാത്ത മദ്യം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത സംവിധാനം കുറ്റമറ്റതാണോ; അല്ലെങ്കിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അവ കുറ്റമറ്റതാക്കുമോ; വിശദാംശം നൽകുമോ? | (ബി) | മദ്യവില്പനശാലകളിലൂടെ വില്പന നടത്തുന്ന മദ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് സർക്കാർ ലബോറട്ടറികളിൽ രാസപരിശോധന നടത്തി, ശുദ്ധമായ മദ്യം മാത്രമേ വില്ക്കുന്നുള്ളുവെന്ന് ഉറപ്പു വരുത്തുന്നതിന് നടപടികളെടുത്തു വരുന്നുണ്ട്. മായം ചേർന്ന മദ്യം വില്ക്കുന്ന ഷാപ്പുകളുടെയും / ബാറുകളുടെയും ലൈസൻസ് റദ്ദാക്കി, ലൈസൻസിക്കെതിരെ അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്യും വ്യാജമദ്യം തടയുന്നതിനുള്ള കർശന നടപടികളെടുത്തു വരുന്നുണ്ട്. കള്ളിന്റെ രാസഘടന സംബന്ധിച്ച്, പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് രാസപരിശോധന കുറ്റമറ്റതാക്കുന്നതാണ്. രാസപരിശോധനാഫലം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന്, ദക്ഷിണ മേഖലയിൽ ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത് വിജയകരമായാൽ, കൂടുതൽ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ